# മെത്രാപ്പോലീത്തായുടെ കത്ത്



**(മാർച്ച് 2016)**

**കർത്താവിൽ പ്രിയരേ,**

121-ാമത് മാരാമൺ കൺവൻഷൻ അനുഗൃഹീതമായ അനുഭവങ്ങൾ സമ്മാനിച്ചുകൊണ്ട് ധന്യമായി പര്യവസാനിച്ചു. ഈ വർഷത്തെ കൺവൻഷനിൽ ആദിയോടന്തം വ്യാപരിച്ച ദൈവകൃപയ്ക്കായി സ്തോത്രം കരേറ്റാം. നാം കേട്ട ദൈവവചനവും വചനത്തിന്റെ പൊരുളും രൂപാന്തരത്തിനായുള്ള ചാലകശക്തിയായിത്തീരട്ടെ എന്നു പ്രാർത്ഥിക്കാം. ഹൃദ്യവും വ്യക്തവും ശക്തവുമായ രീതിയിൽ വചനത്തിന്റെ പൊരുൾ തിരിച്ചു തരുവാൻ ദൈവം അയച്ച വചന പ്രഘോഷകർക്കായി നമുക്കു സ്തോത്രം ചെയ്യാം. നാം സാധാരണയായി കേൾക്കുന്ന വചനഭാഗങ്ങൾപോലും നൂതനമായ ശൈലിയിൽ വചനത്തിന്റെ മർമ്മങ്ങളെ വെളിപ്പെടുത്തി തരുവാൻ തക്കവണ്ണം നമ്മോടു വചനത്തിലൂടെ സംവദിക്കുന്നതിൽ ഈ വർഷത്തെ കൺവൻഷൻ അനുഗ്രഹമായി മാറി എന്നതിൽ വളരെയധികം സന്തോഷമുണ്ട്. സമാപനദിവസം രാവിലെ സങ്കീർത്തനങ്ങൾ 22,23,24 എന്നിവയെ അടിസ്ഥാനമാക്കി ഡോ. സ്വീറ്റ് നടത്തിയ പ്രഭാഷണം ഏറെ ഹൃദ്യവും പ്രചോദനാത്മകവും ഉൾക്കാഴ്ചകൾ നൽകുന്നവയുമായിരുന്നു. കർത്താവിന്റെ മരണം, കബറടക്കം, ഉയിർത്തെഴുന്നേൽപ് എന്നീ ചരിത്രസംഭവങ്ങളെല്ലാം ഈ സങ്കീർത്തനങ്ങളിൽ എപ്രകാരം പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു എന്ന് അദ്ദേഹം പരിശുദ്ധാത്മാവിന്റെ അഭിഷേകമുള്ള വാക്കുകൾകൊണ്ട് വരച്ചു കാട്ടി. അദ്ദേഹത്തിന്റെ ബൈബിൾ ക്ലാസും ആലോചനാമൃതമായിരുന്നു. ഡോ. സ്വീറ്റ് ഇപ്പോൾ ഡോ. സ്റ്റാൻലി ജോൺസ് ഫൗണ്ടേഷന്റെ മേധാവിയായി പ്രവർത്തിച്ചു വരികയാണ്. ദീർഘകാലം തന്റെ സാന്നിധ്യം കൊണ്ടും സന്ദേശംകൊണ്ടും മാരാമൺ കൺവൻഷനെ അനുഗ്രഹിച്ച ലോകപ്രശസ്ത സുവിശേഷപ്രസംഗകനായിരുന്ന ഡോ. സ്റ്റാൻലി ജോൺസിന്റെ മകൾ, യൂനസിന്റെ മകൾ ആനി ഈ വർഷത്തെ മാരാമൺ കൺവൻഷനിൽ പങ്കെടുത്ത്, പൂർവകാല സ്മരണകളും സാക്ഷ്യവും പങ്കുവെച്ചത് ഈ സംവൽസരത്തിലെ നമ്മുടെ കൺവൻഷന്റെ ധന്യമായ അനുഭവങ്ങളിൽ ഒന്നായിരുന്നു. ഡോ. സ്റ്റാൻലി ജോൺസിനോടൊപ്പം വന്ന് പണ്ട് കൺവൻഷനിൽ പങ്കെടുത്ത ഓർമ്മകൾ ആനി പങ്കുവെച്ചത് ഡോ. സ്റ്റാൻലി ജോൺസിനെക്കുറിച്ചുള്ള ദീപ്തമായ സ്മരണകൾ പലരിലും ഉണർത്താൻ സഹായകരമായി. ബിഷപ്പ് ഡോ. ത്യാഗരാജ് ഭാരതീയ പശ്ചാത്തലത്തിൽ ദൈവവചനത്തെ വ്യാഖ്യാനിച്ചുകൊണ്ടു നടത്തിയ പ്രസംഗങ്ങളും വ്യാഖ്യാനങ്ങളും ശ്രദ്ധേയങ്ങളായിരുന്നു. തിരുനൽവേലിയിലും ജാഫ്നായിലുമായി SPG മിഷന്റെ മുൻകാല പ്രവർത്തകരായിരുന്ന് മാരാമൺ കൺവൻഷന്റെ ആദ്യകാലങ്ങളിൽ മാരാമണ്ണിൽ വന്ന് ശക്തമായ വചനഘോഷണം നടത്തിയ റവ. വോക്കറിന്റെയും റവ. വേഡ്സ്വർത്തിന്റെയും സ്മരണകൾ ഒരിക്കൽ കൂടി ഉണർത്തുവാൻ പര്യാപ്തമായിരുന്നു ബിഷപ്പ് ത്യാഗരാജിന്റെ വചനശുശ്രൂഷ എന്നത് പ്രത്യേകം പ്രസ്ത്യാവ്യമത്രെ. തിരുനൽവേലി ഡയോസിസിൽ ജനിച്ചു വളർന്ന്, ഭദ്രാസനവിഭജനം വന്നപ്പോൾ ജാഫ്നായിലെ ബിഷപ്പായി നിയോഗിക്കപ്പെട്ട അദ്ദേഹം അവിടെ പ്രതിസന്ധികളുടെ മദ്ധ്യത്തിൽ സാക്ഷ്യസമൂഹത്തിന്റെ ഇടയനായി മഹനീയ ശുശ്രൂഷ നിർവഹിക്കുന്നതോർത്ത് നമുക്കു ദൈവത്തെ സ്തുതിക്കാം.

ഈ വർഷത്തെ മാരാമൺ കൺവൻഷൻ ആത്മനിയന്ത്രണത്തോടുകൂടി അച്ചടക്കബോധത്തോടെ ധ്യാനലീനരായി വിശ്വാസസമൂഹം വന്നു പങ്കെടുത്ത ശ്രേഷ്ഠമായ സാക്ഷ്യത്തിന്റെ ഒരു വേദികൂടിയായിരുന്നു എന്നത് അഭിമാനകരമായ ഒരു വസ്തുതയത്രെ. ഗവൺമെന്റിന്റെയും സന്നദ്ധസംഘടനകളുടെയും സുവിശേഷപ്രസംഗസംഘത്തിന്റെ വിവിധ കമ്മിറ്റികളുടെയും ഏകോപിച്ചുള്ള പ്രവർത്തനങ്ങൾ കൺവൻഷന് അനുഗ്രഹമായിത്തീർന്നു. മണൽപ്പുറവും പന്തലും കൺവൻഷനുവേണ്ടി സജ്ജമാക്കുന്നതിൽ സഹകരിച്ച ഏവരോടും വിശിഷ്യാ കോഴഞ്ചേരി ഇടവകയോടുമുള്ള അഭിനന്ദനം അറിയിക്കുന്നു. കൺവൻഷന്റെ നടത്തിപ്പിൽ പ്രത്യക്ഷമായും പരോക്ഷമായും സഹകരിച്ച ഏവരോടുമുള്ള ആത്മാർത്ഥമായ നന്ദി അറിയിക്കുന്നു. ഭദ്രാസന കൺവ ൻഷനുകളെല്ലാം തന്നെ സമുചിതമായി എല്ലാ ഭദ്രാസനങ്ങളിലും നടത്തുവാൻ ഇടയായി എന്നത് ഏറ്റവും സന്തോഷകരമത്രെ. കുവൈറ്റിലെ ഇടവകകൾ ചേർന്ന് ഒരു ഐക്യ കൺവൻഷൻ നടത്തുവാൻ ക്രമീകരണം ചെയ്തത് അഭിനന്ദനാർഹമത്രെ. ബിഷപ്പ് ത്യാഗരാജയെയാണ് അവിടെ മുഖ്യ പ്രസംഗകനായി ക്ഷണിച്ചിരിക്കുന്നത്. ഇപ്രകാരമൊരു കൺവൻഷനു ക്രമീകരണം ചെയ്ത സംഘാടകരെ പ്രത്യേകം അഭിനന്ദിക്കുന്നു.

സഭാപ്രതിനിധി മണ്ഡലത്തിന്റെ ഒരു വിശേഷാൽ യോഗം ഫെബ്രുവരി 12,13 തീയതികളിൽ നടന്നു. 1100 ലധികം പ്രതിനിധികൾ ഹാജരുണ്ടായിരുന്നു. സഭയ്ക്ക് പുതിയ മേൽപട്ടക്കാരെ തിരഞ്ഞെടുക്കുന്നതു സംബന്ധിച്ച് സഭാകൗൺസിൽ അവതരിപ്പിച്ച പ്രമേയം അംഗീകരിച്ചു. പ്രസ്തുത തീരുമാനത്തിന് ഫെബ്രുവരി 23,24 തീയതികളിൽ കൂടിയ എപ്പിസ്കോപ്പൽ സിനഡ് അംഗീകാരം നൽകി. തുടർ നടപടികൾ ഉടനെ ആരംഭിക്കുന്നതാണ്. സഭാപ്രതിനിധിമണ്ഡല യോഗത്തിൽ വ്യാപരിച്ച ദൈവകൃപയ്ക്കായി ദൈവത്തെ സ്തുതിക്കുന്നു. മണ്ഡല പ്രതിനിധികൾ നൽകിയ സഹകരണത്തിനുള്ള അഭിനന്ദനം അറിയിക്കുന്നു. ഫെബ്രുവരി 23,24 തീയതികളിൽ കൂടിയ സിനഡിന്റെ ചില തീരുമാനങ്ങൾ അറിയിക്കട്ടെ. 1) അച്ചന്മാരുടെ ട്രാൻസ്ഫർ ലിസ്റ്റിനു അന്തിമരൂപം നൽകി. മാർച്ച് 15 നു മുൻപായി കൽപന അയയ്ക്കുന്നതാണ്. 2) ജീവിതചെലവ് അനുദിനം വർദ്ധിച്ചു വരുന്ന ഈ കാലഘട്ടത്തിൽ പട്ടക്കാരുടെ ശമ്പള സ്കെയിൽ പുതുക്കി നിശ്ചയിക്കേണ്ടത് അത്യന്താപേക്ഷിതമായ ഒരു കാര്യമാണ്. കാലോചിതമായ ശമ്പളവർദ്ധനയും സേവനവ്യവസ്ഥകളും ഒരു അനിവാര്യതയാണല്ലോ. ഇടവകകൾക്കും സഭയ്ക്കും താങ്ങാവുന്ന രീതിയിൽ പുതുക്കിയ ശമ്പളസ്കെയിൽ മെയ് 1 മുതൽ പ്രാബല്യത്തിൽ വരുന്നതാണ്. ഇതു സംബന്ധിച്ചുള്ള കൽപന ഉടനെ തന്നെ അയയ്ക്കുന്നതാണ്. 3) ഭദ്രാസന ബിഷപ്പുമാരുടെ സ്ഥലം മാറ്റം സംബന്ധിച്ച ക്രമീകരണങ്ങൾ ഏപ്രിൽ 1 മുതൽ നിലവിൽ വരുന്നതാണ്. സുഗമമായ അധികാരകൈമാറ്റത്തിനുവേണ്ട എല്ലാ ക്രമീകരണങ്ങളും ചെയ്യുന്നതിന് ഭദ്രാസന ചുമതലക്കാർ പ്രത്യേകം ശ്രദ്ധിക്കണം. പുതിയ ഭദ്രാസനങ്ങളിൽ ചുമതല ഏൽക്കുന്ന സഹോദര മേൽപട്ടക്കാരുടെ നേതൃത്വവും ശുശ്രൂഷകളും ഭദ്രാസനങ്ങൾക്ക് നവചൈതന്യം പകരുന്നതാകട്ടെ എന്നാശംസിക്കുന്നു. മുൻഗാമികൾ തുടങ്ങി

വെച്ച പ്രവർത്തനങ്ങൾക്കും പ്രോജക്ടുകൾക്കും മുഖ്യപരിഗണന നൽകുന്നതിന് പ്രത്യേകം ശ്രദ്ധിക്കണമെന്നു താൽപര്യപ്പെടുന്നു. അതോടൊപ്പം തന്നെ ക്രിസ്തുവിൽ ദൈവമുഖവും മനുഷ്യമുഖവും ദർശിച്ച് സഭാശുശ്രൂഷയിലൂടെ സഭയുടെ നാഥനായ ക്രിസ്തുവിന്റെ മുഖം സമൂഹത്തിന് ദർശിക്കാൻ സാധ്യമാകുന്ന വിധത്തിൽ നൂതന സംരംഭങ്ങളും പ്രോജക്ടുകളും ആരംഭിക്കുന്നതിൽ ഉൽസുകരാകേണ്ടതും കാലഘട്ടത്തിന്റെ ആവശ്യമത്രെ.

ഗൾഫ് പ്രദേശത്തെ എല്ലാ ഇടവകകളും ചേർന്ന് അടുത്ത വർഷത്തെ ഒരു പൊതു പ്രോജക്ടായി ഏറ്റെടുത്തിരിക്കുന്നത്, ബഹറിനിൽ സഭയ്ക്കു ഗവൺമെന്റ് അനുവദിച്ചു നൽകിയ പ്രദേശത്ത് ഒരു പള്ളിയും മാർത്തോമ്മാ സെന്ററും നിർമ്മിക്കുക എന്ന വലിയ ഒരു സ്വപ്നമാണ്. ഈ പ്രോജക്റ്റിനു സിനഡ് അംഗീകാരം നൽകിയിട്ടുണ്ട്. ഈ സ്വപ്നം സാക്ഷാത്കരിക്കപ്പെടുമ്പോൾ ഭാവിയിൽ ഗൾഫ് പ്രദേശങ്ങളിലെ ഇടവകകൾക്കും സൗദി അറേബ്യയിൽ പ്രവർത്തിക്കുന്നവർക്കുള്ള കൂടിവരവിനും ബന്ധങ്ങൾ ശക്തിപ്പെടുത്തുന്നതിനുമുള്ള ഒരു മുഖാന്തരമായി അതു തീരും എന്ന കാര്യത്തിൽ സംശയമില്ല. കുവൈറ്റിലും സഭയ്ക്ക് ഇപ്രകാരമൊരു സ്ഥലം ലഭിക്കേണ്ടതിനായി പ്രാർത്ഥനാപൂർവം പരിശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ഇക്കാര്യത്തിൽ എല്ലാവരുടെയും പ്രാർത്ഥനകൾ ഉണ്ടാകണമെന്ന് അറിയിക്കട്ടെ.

മലയാളത്തിന്റെ പ്രിയങ്കരനായ കവിയും മലയാള ഭാഷയുടെ അഭിമാനവുമായിരുന്ന പ്രശസ്ത കവി ഒ.എൻ.വി. കുറുപ്പ് നമ്മോട് വിട പറഞ്ഞു. ജ്ഞാനപീഠപുരസ്കാരം സ്വീകരിച്ചുകൊണ്ട് ചെയ്ത പ്രസംഗത്തിൽ അദ്ദേഹം പറഞ്ഞ സാക്ഷ്യം ശ്രദ്ധേയമാണ്. ആ പ്രസംഗം അവസാനിപ്പിച്ചത് ഈ വാക്കുകളോടുകൂടിയാണ് – "ഒരു ദിവസം ഭൂമി എന്ന ഈ വാടകവീടൊഴിഞ്ഞ് പോകുമ്പോൾ എന്റെ ഏറ്റവും ചൈതന്യവത്തായ ഒരംശം ഞാനിവിടെ ഉപേക്ഷിച്ച് പോകുന്നു. അതാണെന്റെ കവിത. അതിനെ സ്നേഹിക്കുന്നവർക്കും ആദരിക്കുന്നവർക്കും ഒരിക്കൽ കൂടി എന്റെ നന്ദി, നമസ്കാരം." കവിയുടെ ഈ വാക്കുകൾ അന്വർത്ഥമാക്കി ആ കവിതകൾ ആസ്വദിച്ചും സന്ദേശം ഉൾക്കൊണ്ടും കവിയ്ക്ക് നമ്മുടെ പ്രണാമം അർപ്പിക്കാം.

അടുത്ത മാസങ്ങളിൽ കേരളം ഉൾപ്പെടെയുള്ള ചില സംസ്ഥാനങ്ങൾ നിയമസഭാ തെരഞ്ഞെടുപ്പിലേക്ക് പ്രവേശിക്കുകയാണല്ലോ. ഭരണപക്ഷവും പ്രതിപക്ഷവും പോരാട്ടത്തിനായി ഒരുങ്ങിക്കൊണ്ടിരിക്കുന്നു. മുന്നണി സംവിധാനത്തിന്റെ ഒരു ദൗർബല്യമായി പലപ്പോഴും മാറുന്നത് ചെറിയ പാർട്ടികളുടെ സമ്മർദ തന്ത്രങ്ങളാണ്. വിലപേശൽ നടത്തി സ്വന്തം കാര്യം നേടാനുള്ള തന്ത്രങ്ങളാണ് പല പാർട്ടികളും നിരന്തരം നടത്തിക്കൊണ്ടിരിക്കുന്നത്. അഴിമതിരഹിതവും സുസ്ഥിരവുമായ ഭരണത്തിനു വ്യക്തമായ ഭൂരിപക്ഷത്തോടു കൂടിയ ഭരണപക്ഷം അത്യന്താപേക്ഷിതമാണ്. അതേസമയം, മൃഗീയഭൂരിപക്ഷം അധികാരത്തിലിരിക്കുന്നവരെ അഹങ്കാരികളാക്കി മാറ്റാനുള്ള സാധ്യതയുമുണ്ട് എന്നതും ഒരു യാഥാർത്ഥ്യമത്രെ. നല്ല ദർശനവും ദേശീയമായ അവബോധവും ആദർശധീരതയും പഠിപ്പും വിദ്യാഭ്യാസവുമുള്ള സൽസ്വഭാവികളായ സ്ഥാനാർത്ഥികളെ കണ്ടെത്തുന്നതിൽ എല്ലാ രാഷ്ട്രീയ പാർട്ടികളും പ്രത്യേകം ശ്രദ്ധിക്കേണ്ടതായിട്ടുണ്ട്. പൊതുജനം അവരുടെ ഹിതം രേഖപ്പെടുത്തുമ്പോഴും ഇക്കാര്യത്തിൽ ജാഗ്രത പുലർത്തേണ്ടതായിട്ടുണ്ട്. അല്ലാത്തപക്ഷം നമ്മുടെ രാഷ്ട്രീയ രംഗം നീങ്ങുന്നത് തികഞ്ഞ അരാജകത്വത്തിലേക്കായിരിക്കും. ജനാധിപത്യപരമായ അവകാശങ്ങൾ സംരക്ഷിക്കുന്നതോടൊപ്പം കർത്തവ്യങ്ങളും കടമകളും ഉത്തരവാദിത്വപൂർവം നിർവഹിക്കുവാൻ തക്ക അവബോധമുള്ള ജനതയായി വളരുവാൻ ദൈവകൃപയ്ക്കായി പ്രാർത്ഥിക്കാം.

വെല്ലൂർ ആശുപത്രിയോടനുബന്ധിച്ചുള്ള മാർത്തോമ്മാ ഗൈഡൻസ് സെന്ററിന്റെ രണ്ടാം ഘട്ട നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തീകരിക്കുകയും ആ സെന്ററിന്റെ കൂദാശ നിർവഹിക്കുകയും ചെയ്തു. ദുബായിൽ നിന്നും യു.എ.ഇ യിൽ നിന്നും വെല്ലൂർ ആശുപത്രിയിൽ ചികിത്സയ്ക്കെത്തിയവർക്ക് നമ്മുടെ ഗൈഡൻസ് സെന്ററിൽ നിന്നും ലഭിച്ച ഹൃദ്യമായ അനുഭവങ്ങളാണ് ഇതര മതവിഭാഗത്തിൽ ഉൾപ്പെട്ട ആ സഹോദരരെ ഇപ്രകാരം ഒരു നിർമ്മാണത്തിനു ധനസഹായം നൽകാൻ പ്രേരിപ്പിച്ചത് എന്നത് എത്രയോ ധന്യമായ സാക്ഷ്യമാണ്. രണ്ടാം ഘട്ടമായി പണികഴിപ്പിച്ച സെന്ററിൽ 50 മുറികളുടെ കൂടി സൗകര്യങ്ങൾ ലഭ്യമാണ്. ജാതിമതഭേദമെന്യേ അനേകർക്ക് നമ്മുടെ ഈ രണ്ടു സെന്ററുകളുടെയും സൗകര്യങ്ങൾ അനുഗ്രഹകരമായിത്തീരട്ടെ എന്നാഗ്രഹിക്കുന്നു. ഇതിന്റെ പിന്നിൽ പ്രവർത്തിച്ച എല്ലാവരെയും ഓർത്ത് ദൈവത്തെ മഹത്വപ്പെടുത്തുന്നു.

നമ്മൾ ഈ സാമ്പത്തിക വർഷത്തിന്റെ അവസാനമാസത്തിലേക്ക് എത്തിയിരിക്കുകയാണല്ലോ. ഇടവകകളും സ്ഥാപനങ്ങളും 2015-16 ലെ ആഡിറ്റു ചെയ്ത വരവു ചെലവു കണക്കുകൾ പാസ്സാക്കി ഭദ്രാസന ഓഫീസിൽ നിശ്ചിത സമയത്തിനുള്ളിൽ സമർപ്പിക്കേണ്ടതാണ്. അവ ക്രോഡീകരിച്ച് ഭദ്രാസനങ്ങൾ സഭാ ഓഫീസിൽ നിശ്ചിത സമയത്തിനുള്ളിൽ നൽകേണ്ടതാണ്. എങ്കിൽ മാത്രമേ വിഘ്നം കൂടാതെ മണ്ഡലത്തിൽ കണക്ക് അവതരിപ്പിക്കുവാൻ കഴിയുകയുള്ളൂ. ഇക്കാര്യത്തിൽ വീഴ്ച വരുത്തിയാൽ സഭയ്ക്ക് നികുതി ഇനത്തിൽ കേന്ദ്രഗവൺമെന്റ് അനുവദിക്കുന്ന ആനുകൂല്യങ്ങൾ നഷ്ടമാകുന്ന ഗുരുതരമായ അവസ്ഥ സംജാതമായിത്തീരും.

മാർച്ച് മാസാവസാനം നമ്മുടെ സ്കൂളുകളിലെയും കോളേജുകളിലെയും ഔദ്യോഗികമായി സേവനകാലയളവ് പൂർത്തീകരിക്കുന്നവർ റിട്ടയർമെന്റിലേക്ക് പ്രവേശിക്കുന്ന കാലമാണല്ലോ.സഭയുടെ വിവിധ സ്ഥാപനങ്ങളിൽ ശ്രേഷ്ഠമായ ശുശ്രൂഷകൾ അനുഷ്ഠിച്ച് റിട്ടയർമെന്റ് ജീവിതത്തിലേക്ക് പ്രവേശിക്കുന്ന ഏവരോടും അവരുടെ ശുശ്രൂഷകളുടെ പേരിൽ സഭയ്ക്കുള്ള അഭിനന്ദനം അറിയിക്കുന്നു. തുടർന്നുള്ള നാളുകൾ സമൂഹത്തിൽ വിവിധ രംഗങ്ങളിൽ ശ്രേഷ്ഠമായ ശുശ്രൂഷകൾ നിർവഹിക്കുവാൻ ദൈവം അവസരങ്ങൾ നൽകട്ടെ എന്നാശംസിക്കുന്നു.

മധ്യവേനൽ അവധിക്കാലത്ത് വിവിധ ക്ലാസുകളും സമ്മേളനങ്ങളും വി.ബി.എസ് ക്ലാസുകളും നടക്കുന്ന കാലമാണല്ലോ. ദൈവത്തിന്റെയും മനുഷ്യരുടെയും കൃപയിൽ മുതിർന്നു വരുവാനുള്ള പരിശീലന കളരികളായി അവയെല്ലാം തീരട്ടെ എന്നാശംസിക്കുന്നു.

മാർച്ച് മാസത്തെ ധ്യാനങ്ങൾ ആരംഭിക്കുന്നത് പകുതി നോമ്പിന്റെ ധ്യാനത്തോടു കൂടിയാണ്. യേശുവിന്റെ യെരുശലേമിലേക്കുള്ള യാത്രയിലെ വിവിധ സംഭവങ്ങളാണ് തുടർന്ന് നാം ധ്യാനിക്കുന്നത്. കർത്താവിന്റെ ശുശ്രൂഷയുടെ ഒന്നാം ഘട്ടം പ്രശസ്തിയുടെയും സ്വീകരണത്തിന്റെയും കാലഘട്ടമായിരുന്നു. രണ്ടാം ഘട്ടം തിരസ്കാരത്തിന്റെ വെല്ലുവിളികളെ ക്രിസ്തു അഭിമുഖീകരിക്കുകയാണ്. യേശു യെരുശലേമിലേക്കു യാത്ര ചെയ്യുന്നത് കുരിശിലേക്കുള്ള യാത്രയായിട്ടാണ്. പിതാവിന്റെ ഹിതം പൂർണ്ണമായി അനുസരിച്ച് കുരിശ് ഏറ്റുവാങ്ങാനായി യെരുശലേമിലേക്കു യാത്ര ചെയ്യുന്ന ക്രിസ്തു ആ അനുഭവങ്ങളിലും അപരന്റെ വേദനകളെ പരിഹരിക്കുവാനാണ് ശ്രമിക്കുന്നത് എന്ന് ഓരോ സംഭവവും വ്യക്തമാക്കുന്നു. മാർച്ച് 6-ാം തീയതി ഞായറാഴ്ച വി.ലൂക്കോസ് 13:10-17 വരെയുള്ള വാക്യങ്ങളെ അടിസ്ഥാനമാക്കി 'ചൂഷിതഘടനകളുടെ രൂപാന്തരം' എന്ന വിഷയമാണ് നാം ധ്യാനിക്കുന്നത്. പതിനെട്ടു സംവൽസരമായി ഒരു രോഗബാധ ബാധിച്ചിട്ടു ഒട്ടും നിവരുവാൻ കഴിയാത്ത അവസ്ഥയിലായിരുന്ന ഒരു കൂനിയായ സ്ത്രീയെ യേശു ശബത്തുനാളിൽ പള്ളിയിൽ വെച്ച് സൗഖ്യമാക്കുന്നതാണ് അവിടെ രേഖപ്പെടുത്തിയിരിക്കുന്ന സംഭവം. യേശു ശബത്തിൽ പള്ളിയിൽ ഉപദേശിച്ചുകൊണ്ടിരിക്കുമ്പോഴാണ് 18 വർഷമായി രോഗാത്മാവു ബാധിച്ചിരിക്കുന്ന ഈ സ്ത്രീയെ കണ്ടത്. അവൾ യേശുവിനോടു സൗഖ്യത്തിനായി യാചിക്കുന്നില്ല. അവൾ ഉൾപ്പെട്ട ആരാധനാ സമൂഹവും അവളുടെ സൗഖ്യത്തിനായി യേശുവിനോടു അപേക്ഷിക്കുന്നില്ല. കാരണം അവൾക്കോ അവൾ ഉൾപ്പെട്ട ആരാധനാ സമൂഹത്തിനോ അവൾക്കു സൗഖ്യം ലഭിക്കുമെന്ന പ്രതീക്ഷകളുണ്ടായിരുന്നില്ല. എന്നാൽ അങ്ങനെ ആരുടെയും അപേക്ഷ ലഭിക്കാതിരുന്ന സാഹചര്യത്തിലും യേശു അവളുടെ വേദന തിരിച്ചറിഞ്ഞു. ശബ്ബത്തു ദിനം ആയിരുന്നിട്ടുപോലും ശബത്തിൽ സൗഖ്യമാക്കിയാൽ തനിക്കും തന്റെ ഭാവി പ്രവർത്ത

നങ്ങൾക്കും തന്റെ ജീവനു തന്നെയും ഭീഷണി ഉണ്ടാകാമെന്നു തിരിച്ചറിഞ്ഞിട്ടും യേശു അവളുടെ രോഗബന്ധനം അഴിച്ചു. ദൈവത്തിന്റെ മനുഷ്യമുഖം കർത്താവു ലോകത്തിനു വെളിപ്പെടുത്തിയ ഒരു സംഭവമത്രേ ഇത്. ശബത്തിൽ സൗഖ്യമാക്കിയതിനെ വിമർശിച്ച പള്ളി പ്രമാണിയോടും കൂട്ടരോടും യേശു ചോദിക്കുന്ന ചോദ്യം എക്കാലത്തും എവിടെയും പ്രസക്തിയുള്ളതാണ്. "കർത്താവു അവനോടു കപടഭക്തിക്കാരേ നിങ്ങളിൽ ഓരോരുത്തൻ ശബത്തിൽ തന്റെ കാളയെയോ കഴുതയെയോ തൊട്ടിയിൽ നിന്നു അഴിച്ചുകൊണ്ടുപോയി വെള്ളം കുടിപ്പിക്കുന്നില്ലയോ? എന്നാൽ സാത്താൻ പതിനെട്ടു സംവത്സരമായി ബന്ധിച്ചിരുന്ന അബ്രഹാമിന്റെ മകളായ ഇവളെ ശബത്തു നാളിൽ ഈ ബന്ധനം അഴിച്ചുവിടേണ്ടതല്ലയോ എന്നു ഉത്തരം പറഞ്ഞു" (ലൂക്കോസ് 10:15, 16). അവളുടെ രോഗബന്ധനം അഴിക്കുക മാത്രമല്ല അവളെ അബ്രഹാമിന്റെ മകളായി ഉയർത്തുക കൂടിയാണ് യേശു ചെയ്തത്. ഇത് ഒരു ശാരീരിക ബന്ധനം മാത്രമായി നാം കാണരുത്. മനുഷ്യത്വം കെടുത്തുന്ന സകല ശക്തികളും സാത്താന്റെ ബന്ധനമായിട്ടാണ് യേശു കാണുന്നത്. സാത്താന്യ ബന്ധനങ്ങളിൽ നിന്നു മാനവരാശിയെ ദൈവം ക്രിസ്തുവിലൂടെ വിമോചിപ്പിക്കുന്നു എന്നതാണ് ദൈവരാജ്യത്തിന്റെ സുവിശേഷം. ഈ സുവിശേഷമാണ് ചൂഷിത ഘടനകൾക്കെതിരെ പോരാടുവാൻ നമ്മെ പ്രേരിപ്പിക്കേണ്ടത്. അവൾ സൗഖ്യം പ്രാപിച്ചു നിവർന്നു നിന്നപ്പോൾ അവളുടെ പരിമിതമായ ദൃശ്യവ്യാപ്തിയിൽ നിന്നു സമ്പൂർണ്ണമായ ദൃശ്യവ്യാപ്തിയിലേക്കു അവൾ വീണ്ടെടുക്കപ്പെട്ടു. കർത്താവു നമുക്കു സൗഖ്യം നൽകുമ്പോൾ നമ്മിലും ഈ രൂപാന്തരം സംഭവിക്കണം. അതത്രേ ദൈവഹിതം. ഒരിക്കൽ ഒരു വിജാതീയ സ്ത്രീ യെഹൂദൻ പ്രാർത്ഥിക്കുന്നതുപോലെ തന്റെ മകളുടെ സൗഖ്യത്തിനുവേണ്ടി യേശുവിന്റെ അടുക്കൽ വന്ന് നിലവിളിച്ചപ്പോൾ യേശു അവളുടെ അപേക്ഷ കേട്ടില്ല. എന്നാൽ അവൾ അവളുടെ തനതായ ശൈലിയിൽ പ്രാർത്ഥിച്ചപ്പോൾ യേശു അവളുടെ പ്രാർത്ഥന കേട്ടു. അവളുടെ മകൾക്കു സൗഖ്യം നൽകി വിടുവിച്ചു. ആരുടെയെങ്കിലും പ്രാർത്ഥന കടമെടുത്തു പ്രാർത്ഥിക്കുന്നതല്ല ശരിയായ പ്രാർത്ഥന, നമ്മുടെ ഹൃദയത്തിന്റെ ഭാഷയിൽ നുറുങ്ങിയ ഹൃദയത്തോടുകൂടി നിലവിളിക്കുന്നതാണ് ശരിയായ പ്രാർത്ഥനയെന്നു നാം തിരിച്ചറിയുകയും നുറുങ്ങിയ ഹൃദയത്തോടുകൂടി പ്രാർത്ഥിക്കുവാൻ തയ്യാറാവുകയും വേണം. മാർച്ച് 13-ാം തീയതി ഞായറാഴ്ച വി. മർക്കോസ് 10:46-52 വാക്യങ്ങളെ ആധാരമാക്കി 'കുരിശ്: ശിഷ്യത്വത്തിനു നവമാതൃക' എന്നതാണ് ചിന്തിക്കുന്നത്. ആ വേദഭാഗത്ത് യേശുവിന്റെ യെരുശലേം യാത്രാമദ്ധ്യേ ബർത്തിമായി എന്ന കുരുടനെ സൗഖ്യമാക്കിയ സംഭവം വിവരിക്കുന്നു. "ദാവീദു പുത്രാ, എന്നോടു കരുണ തോന്നേണമേ' എന്നു ബർത്തിമായി നിലവിളിക്കുമ്പോൾ അവന്റെ നിലവിളി മറ്റുള്ളവർക്ക് അസഹനീയമായിട്ടാണ് തോന്നിയത്. അവർ മിണ്ടാതിരിപ്പാൻ ശാസിച്ചിട്ടും അവൻ മുട്ടിപ്പായി നിലവിളിച്ചു. യേശു അവനെ കേട്ടു, യേശു അവനെ തന്റെ അടുക്കലേക്കു വിളിപ്പിച്ചു. "ഞാൻ നിനക്കു എന്തു ചെയ്തുതരേണമെന്നു നീ ഇച്ഛിക്കുന്നു" എന്നു അവനോടു ചോദിച്ചു. അവൻ വ്യക്തമായ ഉത്തരം നൽകിയപ്പോൾ യേശു അവന്റെ പ്രാർത്ഥനയ്ക്കു ഉത്തരം നൽകി. " ഉടനെ അവൻ കാഴ്ച പ്രാപിച്ചു യാത്രയിൽ അവനെ അനുഗമിച്ചു" (വാക്യം 52). ഇന്ന് യേശുവിൽ നിന്നു കാഴ്ചയും സൗഖ്യവും പ്രാപിക്കുന്ന നാം യേശുവിനെ അനുഗമിക്കുന്നതിൽ എത്രമാത്രം ശ്രദ്ധ ചെലുത്തുന്നുണ്ട് എന്നു ആലോചിക്കേണ്ടതാണ്. കർത്താവു നൽകുന്ന കാഴ്ചയോടുകൂടി കർത്താവിന്റെ കണ്ണുകളിലൂടെ ദൈവത്തെയും ലോകത്തെയും സമസൃഷ്ടികളെയും കാണുവാൻ നമുക്കു കഴിയണം. കുരിശ് വഹിക്കാനുള്ള യേശുവിന്റെ യെരുശലേമിലേക്കുള്ള യാത്രയിൽ ബർത്തിമായും പങ്കു ചേർന്നതുപോലെ കർത്താവിനെ നമുക്കും പിൻപറ്റാം. മാർച്ച് 18 നാൽപ്പതാം വെള്ളിയാഴ്ചയാണ്. 'പരീക്ഷകളെ അതിജീവിച്ച കർത്താവ്' (വി. മത്തായി 4:1-11) എന്നതാണ് ചിന്താവിഷയം. ജീവിതത്തിൽ എല്ലാവർക്കും പരീക്ഷകൾ ഉണ്ടാകും. യേശുവിനും പരീക്ഷകളെ അഭിമുഖീകരിക്കേണ്ടതായി വന്നു. എന്നാൽ പരീക്ഷയിൽ വീണുപോകാതെ പരീക്ഷയെ അതിജീവിച്ച ക്രിസ്തുവിന്റെ മാതൃകയാണ് ഈ വേദഭാഗം വ്യക്തമാക്കുന്നത്. കല്ലിനെ തന്റെ ദിവ്യശക്തി കൊണ്ട് അപ്പമാക്കിത്തീർത്ത് അത് ഭക്ഷിച്ച് സ്വന്തം വിശപ്പടക്കാനുള്ള സാത്താന്റെ പരീക്ഷയെ ഉദര പൂരണമല്ല ജീവിതത്തിന്റെ പരമമായ ലക്ഷ്യം എന്ന് വചനാനുസരണം സൂചിപ്പിച്ചുകൊണ്ട് കർത്താവ് അതിജീവിച്ചു. ലോകരെയെല്ലാം അത്ഭുതപ്പെടുത്തുന്ന വിധത്തിൽ ദൈവാലയത്തിന്റെ അഗ്രത്തു നിന്നും ചാടി അത്ഭുതം കാണിക്കാനുള്ള പരീക്ഷയെ ദൈവദത്തമായ കഴിവും മികവും ദൈവത്തെ പരീക്ഷിക്കാനുള്ള ഉപാധിയായി മാറ്റരുത് എന്ന സന്ദേശത്തിലൂടെ യേശു നേരിട്ടു വിജയിച്ചു. തന്നെ വണങ്ങിയാൽ ഈ ലോകത്തെ പാരിതോഷികമായി നൽകാം എന്നു പറഞ്ഞ് സാത്താൻ പ്രലോഭിപ്പിച്ചപ്പോൾ ഏതൊരു മാർഗ്ഗത്തിലൂടെയും ലക്ഷ്യം പ്രാപിക്കുന്നതല്ല ജീവിതലക്ഷ്യമെന്നും മാർഗ്ഗവും ലക്ഷ്യം പോലെതന്നെ പ്രധാനപ്പെട്ടതാണെന്നും വ്യക്തമാക്കിക്കൊണ്ടാണ് "നിന്റെ ദൈവമായ കർത്താവിനെ നമസ്ക്കരിച്ച് അവനെ മാത്രമേ ആരാധിക്കാവൂ" എന്ന ദൈവവചനം കർത്താവ് ഉദ്ധരിക്കുന്നത്. മൂന്നു പരീക്ഷകളെയും കർത്താവ് വചനം ഉദ്ധരിച്ചുകൊണ്ടാണ് അഭിമുഖീകരിച്ചത്. പരീക്ഷകളെ വചനം കൊണ്ടു നേരിട്ട കർത്താവിന്റെ ശക്തിയിലും ബലത്തിലും മാതൃകയിലും ഈ കാലഘട്ടത്തിന്റെ പരീക്ഷകളെ അതിജീവിക്കുവാൻ ദൈവകൃപയ്ക്കായി നമുക്ക് പ്രാർത്ഥിക്കാം. മാർച്ച് 20 ഹോശാനാ ഞായറാണ്. 'കർത്താവേ, ഞങ്ങളെ രക്ഷിക്ക' എന്ന സന്ദേശമാണ് അന്ന് നാം ധ്യാനിക്കുന്നത്. യേശുവിന്റെ യെരുശലേം ദൈവാലയത്തിലേക്കുള്ള പ്രവേശനത്തെ തുടർന്ന് തന്റെ ആലയത്തെ പ്രാർത്ഥനാലയം എന്ന സ്ഥിതിയിൽ നിന്നും മാറ്റി കള്ളന്മാരുടെ ഗുഹയാക്കിമാറ്റുന്ന എല്ലാ പ്രവണതകൾക്കെതിരായി ശബ്ദമുയർത്തുകയും ചാട്ടവാറെടുക്കുകയും ചെയ്യുന്ന യേശുവിനെയാണ് നാം കാണുന്നത്. നമ്മുടെ ശരീരം ദൈവത്തിന്റെ മന്ദിരമാണ്. ജീവിതത്തെ വിശുദ്ധ ആലയമാക്കി സൂക്ഷിക്കണമെന്നാണ് കർത്താവ് ആഗ്രഹിക്കുന്നത്. യേശുവിനോടുള്ള അന്നത്തെ മഹാപുരോഹിതന്മാരുടെയും പരീശന്മാരുടെയും ശാസ്ത്രിമാരുടെയും എതിർപ്പ് വർദ്ധിക്കുന്നു. അത് ക്രൂശീകരണത്തിലേക്കു നയിക്കുന്നു. എന്നാൽ നമുക്കുവേണ്ടി യാഗമായിത്തീർന്ന ക്രിസ്തുവിന്റെ കുരിശിലെ ഏഴുമൊഴികളും ദൈവത്തിന്റെ മനുഷ്യമുഖം പ്രതിഫലിപ്പിക്കുന്നതായിരുന്നു. ഉയിർത്തെഴുന്നേറ്റ കർത്താവിലും നാം കാണുന്നത് ദൈവത്തിന് മാനവരാശിയോടുള്ള പരമമായ സ്നേഹത്തിന്റെ അടയാളങ്ങളാണ്. കല്ലറയ്ക്കു സമീപം കരഞ്ഞുകൊണ്ടു നിന്ന മഗ്ദലക്കാരത്തി മറിയയോടു "സ്ത്രീയേ, നീ കരയുന്നതെന്ത്"? എന്നു ചോദിക്കുന്ന ചോദ്യം ഇന്നും പ്രസക്തമാണ്. നമ്മുടെ കണ്ണുനീരിനെ തിരിച്ചറിയാത്തവർ നമുക്കു ചുറ്റുമുണ്ടാകാം. എന്നാൽ യേശു നമ്മുടെ കണ്ണുനീരിനെ കാണുന്നുണ്ട്. യേശുവിനു മാത്രമേ നമ്മുടെ കണ്ണുനീരിനെ പ്രതീക്ഷയുടെ ആനന്ദാശ്രുക്കളാക്കി മാറ്റുവാൻ കഴിയുകയുള്ളു. വാതിൽ അടച്ചിട്ട് ഭയചകിതരായിരുന്ന ശിഷ്യസമൂഹത്തിനുണ്ടായ യേശുവിന്റെ പ്രത്യക്ഷത അവർക്ക് പുതിയ ധൈര്യവും പ്രത്യാശയും പകർന്നു. ഭയത്തിന്റെയും നിരാശയുടെയും അന്തരീക്ഷത്തിൽ നാം ആയിരിക്കുമ്പോൾ നമ്മെ ബലപ്പെടുത്തുവാൻ കടന്നുവരുന്ന കർത്താവ് ശിഷ്യന്മാരോടു പറഞ്ഞ വാക്കുകൾ നമ്മിൽ പ്രതീക്ഷയായി, പ്രത്യാശയായി, ധൈര്യമായി, ബലമായി നിറയട്ടെ. "ഞാനോ ലോകാവസാനത്തോളം എല്ലാ നാളും നിങ്ങളോടുകൂടെ ഉണ്ട്" (മത്തായി 28:20).

കൃപ നിങ്ങളെല്ലാവരോടുംകൂടി ഇരിക്കുമാറാകട്ടെ.

പുലാത്തീൻ,
26-02-2016

ഡോ. ജോസഫ് മാർത്തോമ്മാ
മെത്രാപ്പോലീത്താ